ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2236 | 13.02.2013-ൽ മറുപടിയ്ക്ക്

# വൈദ്യുതി ഉപഭോക്താക്കൾക്ക് പുറത്തുനിന്ന് വൈദ്യുതി വാങ്ങുന്നതിന് സംവിധാനം

ചോദ്യം

ശ്രീ. പാലോട് രവി :

,, എം. പി. വിൻസെന്റ് :

,, ലൂഡി ലൂയിസ് :

,, കെ. ശിവദാസൻ നായർ :

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്

(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

(എ) വൈദ്യുതി ഉപഭോക്താക്കൾക്ക് പുറത്തുനിന്ന് വൈദ്യുതി വാങ്ങുന്നതിന് സംവിധാനമേർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എവിടെനിന്നെല്ലാമാണ് ഇങ്ങനെ വൈദ്യുതി വാങ്ങാൻ കഴിയുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ;

(എ) & (ബി) ഉണ്ട്. ഇലക്ട്രിസിറ്റി ആക്ടിലെ സെക്ഷൻ 39, 42 എന്നീ വകുപ്പുകൾ അനുസരിച്ച് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനുകൾ അതാത് സംസ്ഥാനത്തെ ട്രാൻസ്മിഷൻ യൂട്ടിലിറ്റിയുടെ പ്രസരണ ലൈനുകളിൽ കൂടിയും, വിതരണ ലൈസൻസികളിൽ നിന്നും ഒരു മെഗാവാട്ടിൽ കൂടുതൽ വൈദ്യുതി ഉപയോഗിക്കുന്ന ഉപഭോക്താക്കളെ അവർ ആവശ്യപ്പെടുന്ന പക്ഷം പുറത്തു നിന്ന്, വൈദ്യുതി വാങ്ങി ഉപയോഗിക്കുന്നതിന് 'ഓപ്പൺ അക്സസ്' അനുവദിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. സംസ്ഥാനത്ത് 'ഓപ്പൺ അക്സസ്' അനുവദിക്കുന്നതിന് 2005 ൽ തന്നെ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ ഇത് സംബന്ധിച്ച റെഗുലേഷൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ഇപ്രകാരം ഓപ്പൺ അക്സസ് ഉപയോഗിക്കുന്ന ഉപഭോക്താക്കൾ നൽകേണ്ട ട്രാൻസ്മിഷൻ ചാർജ്ജ്, വീലിംഗ് ചാർജ്ജ്, ക്രോസ് സബ്സിഡി, സർച്ചാർജ്ജ് എന്നിവ അംഗീകരിച്ചുകൊണ്ടും, റെഗുലേറ്ററി കമ്മീഷൻ ഉത്തരവിറക്കിയിട്ടുണ്ട്. ഓപ്പൺ അക്സസ് നൽകുന്നത് സംബന്ധിച്ചുള്ള വിശദമായ നിയമാവലിയുടെ ഡ്രാഫ്റ്റ് 2012 നവംബർ 30 ന് സംസ്ഥാന ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിൽ ഓപ്പൺ അക്സസ് അനുവദിക്കുന്നതിനുള്ള ബോർഡിന്റെ സമ്മതം ഇതുമായി ബന്ധപ്പെട്ട് മുന്നോട്ട് വന്ന ഉപഭോക്താക്കളെ അറിയിച്ചിട്ടുണ്ട്. ഓപ്പൺ അക്സസ് വഴി

വൈദ്യുതി വാങ്ങാൻ താത്പര്യമുള്ള ഉപഭോക്താക്കൾക്ക്, വൈദ്യുതി വ്യാപാരികൾ വഴിയും, പവർ എക്സ്ചേഞ്ചുകൾ വഴിവും ജനറേറ്റിംഗ് കമ്പനികളിൽ നിന്ന് നേരിട്ടും വൈദ്യുതി വാങ്ങുന്നതിന് നിയമം അനുവദിക്കുന്നുണ്ട്.

| | | | |
|---|---|---|---|
| (സി) | ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ; | (സി) | ഒരു മെഗാവാട്ടിൽ കൂടുതൽ വൈദ്യുതി ഉപയോഗിക്കുന്ന എല്ലാ ഉപഭോക്താക്കൾക്കും വിതരണ ലൈസൻസികളിൽ നിന്ന് കിട്ടുന്ന വൈദ്യുതിയുടെ വിലയും നിലവാരവും മെച്ചമല്ലെന്നോ, വൈദ്യുതിയുടെ വില കമ്പോള വിലയേക്കാൾ ഉയർന്നതാണെന്നോ, തോന്നുന്ന പക്ഷം അവരുടെ സ്വന്തം നിലയിൽ മറ്റ് മാർഗ്ഗങ്ങളിൽ കൂടി ഓപ്പൺ അക്സസ് സ്വീകരിച്ച് വൈദ്യുതി വാങ്ങാനും, ഉപയോഗിക്കാനും കഴിയും. കൂടാതെ വിതരണ ലൈസൻസികളും അവരുടെ സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും, നിലവാരമുള്ള വൈദ്യുതി കുറഞ്ഞ വിലയ്ക്ക് ഉപഭോക്താവിന് എത്തിക്കുന്നതിന് ശ്രമിക്കുന്നതിനും ഓപ്പൺ അക്സസ് ലക്ഷ്യമിടുന്നു. ഇതിന് പുറമേ ഇലക്ട്രിസിറ്റി മേഖലയിൽ മത്സരം കൊണ്ടു വരുന്നതിനും അതു വഴി ഇലക്ട്രിസിറ്റിയുടെ ഗുണമേന്മ ഉറപ്പു വരുത്തുന്നതിനും വില കുറയ്ക്കുന്നതിനും ഓപ്പൺ അക്സസ് അനുവദിക്കുക വഴി ലക്ഷ്യമിടുന്നു. |
| (ഡി) | ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) | സംസ്ഥാനത്ത് ഓപ്പൺ അക്സസ് അനുവദിക്കുന്നതിന് 2005 ൽ തന്നെ സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ ഇതു സംബന്ധിച്ച റെഗുലേഷൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ഇപ്രകാരം ഓപ്പൺ അക്സസ് ഉപയോഗിക്കുന്ന ഉപഭോക്താക്കൾ നൽകേണ്ട ട്രാൻസ്മിഷൻ ചാർജ്ജ്, വീലിംഗ് ചാരജ്ജ്, ക്രോസ് സബ്സിഡി, സർചാർജ്ജ് എന്നിവ അംഗീകരിച്ചുകൊണ്ടും റെഗുലേറ്ററി കമ്മീഷൻ ഉത്തരവിറക്കിയിട്ടുണ്ട്. കൂടാതെ ഓപ്പൺ അക്സസ് നൽകുന്നത് സംബന്ധിച്ചുള്ള വിശദമായ നിയമാവലിയുടെ ഡ്രാഫ്റ്റ് 2012 നവംബർ 30ന് സംസ്ഥാന ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിൽ ഓപ്പൺ അക്സസ് അനുവദിക്കുന്നതിനുള്ള ബോർഡിൻെറ സമ്മതം ഇതുമായി ബന്ധപ്പെട്ട് മുന്നോട്ട് വന്ന ഉപഭോക്താക്കളെ അറിയിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ.**